


# ഇരട്ട കിരീടവുമായി കൽപ്പറ്റ ജി.വി.എച്ച്.എസ്.എസ്

റിപ്പൺ: റിപ്പൺ ഗവ: ഹൈസ്കൂളിൽ വെച്ച് നടന്ന ഒൻപതാമത് വയനാട് ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ തകർപ്പൻ പ്രകടനത്തോടെ കൽപ്പറ്റ ജി.വി.എച്ച്.എസ്.എസ് ഇരട്ടക്കിരീടം ചൂടി. സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങളിൽ ഒരേപോലെ ആധിപത്യം പുലർത്തിയാണ് കൽപ്പറ്റ ടീം ചാമ്പ്യന്മാരായത്.വാശിയേറിയ പോരാട്ടം സബ് ജൂനിയർ വിഭാഗം ഫൈനലിൽ ആതിഥേയരായ ജി.എച്ച്.എസ് റിപ്പണിനെ പരാജയപ്പെടുത്തിയാണ് കൽപ്പറ്റ കിരീടം നിലനിർത്തിയത്. ജൂനിയർ വിഭാഗത്തിൽ സി.എം.എച്ച്.എസ് അരപ്പറ്റയെ തോൽപ്പിച്ചാണ് ടീം സുവർണ്ണ നേട്ടം കൈവരിച്ചത്. പൂജ വി. നായർ, നിമ്മി എൻ.എ എന്നിവരുടെ വിദഗ്ധമായ പരിശീലനവും കായിക അധ്യാപിക ഡോ. ശോഭ സജീവിന്റെ നേതൃത്വവുമാണ് ഈ വിജയത്തിന് പിന്നിൽ. സ്കൂൾ അധികൃതരും പി.ടി.എയും വിജയികളെ അഭിനന്ദിച്ചു.